# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# സഭാ പ്രതിനിധിമണ്ഡലം – 2021

## അദ്ധ്യക്ഷപ്രസംഗം

ത്രിയേക ദൈവത്തിന് സ്തുതി. അഭിവന്ദ്യ തിരുമേനിമാർ, വികാരി ജനറാൾ അച്ചൻ, സഭയുടെ ഔദ്യോഗിക ചുമതലക്കാർ, സഭാകൗൺസിൽ അംഗങ്ങൾ, ബഹുമാനപ്പെട്ട വൈദീകർ, പ്രീയപ്പെട്ട മണ്ഡലാംഗങ്ങൾ, ഏവർക്കും സ്നേഹവന്ദനം. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ 2019-20, 2020-21 വർഷങ്ങളിലെ മണ്ഡലയോഗങ്ങൾ ഇപ്രകാരം സമ്മേളിക്കുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. കഴിഞ്ഞ ഒരു വർഷത്തിലധികം കോവിഡ് ലോക്ഡൗണും അനുബന്ധ നിയന്ത്രണങ്ങളും മൂലം 2019-2020 ലെ സഭാ പ്രതിനിധിമണ്ഡലം കൂടുവാൻ സാധിച്ചില്ല. വളരെ നാളത്തെ കൂട്ടായ ആലോചനയുടെയും പ്രാർത്ഥനയുടെയും ഫലമാണ് സൂം വെബിനാറിലൂടെയുള്ള ഈ കൂടിവരവ്. വ്യാപരിക്കുന്ന ദൈവകൃപയ്ക്കായി സ്തോത്രം. ഇതുവരെയുള്ള ക്രമീകരണങ്ങളിൽ നിങ്ങളേവരിൽ നിന്നും ലഭിച്ച സഹകരണത്തിന് സന്തോഷം അറിയിക്കുന്നു. മണ്ഡലയോഗങ്ങൾ അനുഗ്രഹകരമായി പൂർത്തീകരിക്കുന്നതിന് ഏവരുടെയും പ്രാർത്ഥനയും സഹകരണവും തുടർന്നും ഉണ്ടാകണമെന്ന് പ്രാരംഭമായിത്തന്നെ ഞാൻ താല്പര്യപ്പെടുന്നു. ഇത് സാധ്യമാക്കിയ എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

കഴിഞ്ഞ നാളുകളിൽ ഈ സഭയ്ക്ക് ധന്യമായ നേതൃത്വം നല്കിയിട്ടുള്ള എല്ലാവരെയും ഈ അവസരത്തിൽ ഓർക്കാം. അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയും, അഭി. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനിയും കഴിഞ്ഞ മണ്ഡലത്തിന് ശേഷം കർത്തൃസിധിയിലേക്ക് ചേർക്കപ്പെട്ടു. അവരുടെ ശ്രേഷ്ഠനേതൃത്വത്തെ ഓർത്ത് ദൈവത്തിന് നന്ദികരേറ്റുന്നു. അഭിവന്ദ്യരായ ഡോ. യൂയാക്കീം മാർ കൂറിലോസ്, ജോസഫ് മാർ ബർന്നബാസ് എന്നീ തിരുമേനിമാരെ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്താമാരായും റവ. ജോർജ്ജ് മാത്യു (കീക്കൊഴൂർ) നെ വികാരി ജനറാളായും നിയമിച്ചു. അവരെ ഈ സഭാപ്രതിനിധിമണ്ഡലത്തിന്റെ പേരിൽ ഞാൻ അഭിനന്ദിക്കുന്നു. കാലഘട്ടത്തിന്റെ വെല്ലുവിളികളെ തിരിച്ചറിഞ്ഞ് സംഗതമായ ശുശ്രൂഷകൾ നിർവ്വഹിക്കുവാൻ ദൈവം അവരെ ശക്തീകരിക്കട്ടെ.

ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവീൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെയുണ്ട് (മത്തായി. 28: 19, 20). ഉയിർത്തെഴുന്നേറ്റ കർത്താവ് സ്വർഗ്ഗാരോഹണത്തിന് മുമ്പ് തന്റെ ശിഷ്യന്മാർക്ക് നൽകുന്ന നിയോഗവചനങ്ങളാണിവ. സഭ എന്താണ്? സഭയുടെ നിയോഗം എന്തിന് വേണ്ടി? ശിഷ്യത്വത്തിന്റെ കാതൽ എന്ത്? ദൗത്യനിർവ്വഹണത്തിൽ സഭയെ ശക്തീകരിക്കുന്നതാര്? ഇങ്ങനെ ഒട്ടനവധി ചോദ്യങ്ങൾക്കുള്ള ഉത്തരം ഈ വലിയ നിയോഗ വചനങ്ങളിലടങ്ങിയിരിക്കുന്നു. ദൈവത്താൽ വിളിച്ച് വേർതിരിക്കപ്പെട്ട, അയക്കപ്പെട്ട സാക്ഷ്യസമൂഹമാണ് സഭ. ഈ തിരിച്ചറിവാണ് ഭൂമിയുടെ അറ്റത്തോളം സുവിശേഷത്തിന്റെ വ്യപനത്തിന് കാരണമായത്. ശിഷ്യത്വത്തിന്റെ കാതൽ എന്നത്, യേശു തന്റെ ഐഹിക ജീവിതകാലത്ത് പഠിപ്പിച്ച കാര്യങ്ങൾ സ്വജീവിതത്തിൽ പ്രമാണിക്കുക എന്നതാണ്. ദൈവയിഷ്ടം ചെയ്യുന്ന ജീവിതമാണ് ക്രിസ്തീയ ശിഷ്യത്വം. അത് വ്യത്യസ്ഥതയുടെ മാനമാണ്, ഉയർന്ന നീതിയുടെ ജീവിതമാണ്, ക്രൂശെടുത്ത് അനുഗമിക്കുന്ന ശൈലിയാണ്. ഇപ്രകാരമുള്ള ശിഷ്യത്വത്തിലേക്ക് ലോകത്തെ പരിവർത്തിപ്പിക്കുന്ന ശുശ്രൂഷയാണ് സഭയെ ദൈവം ഭരമേല്പിച്ചിരിക്കുത്.

മണ്ഡലയോഗമായി നാം ചേർന്ന് വന്നിരിക്കുമ്പോൾ നമ്മുടെ വിളിയേയും നിയോഗത്തേയും കുറിച്ച് നാം കൂടുതൽ ബോധ്യമുള്ളവരാകണം. കേവലം തീരുമാനസഭകളിൽ സവിശേഷസ്ഥാനം അലങ്കരിക്കുന്നതിനല്ല ഈ നിയോഗം. ശിഷ്യത്വത്തിന്റെ പാതയിലേക്ക് ലോകത്തെ രൂപാന്തരപ്പെടുത്തുന്നതിനാണ്. അതിന് പ്രാദേശികയിടങ്ങളിൽ ദൈവരാജ്യപ്രവർത്തനങ്ങൾ വിപുലപ്പെടുത്തണം. പുത്തൻ മാനവികതയ്ക്കായുള്ള പ്രവർത്തനങ്ങളിൽ നാം ഇന്നെവിടെ നില്ക്കുന്നു? വിഭജനത്തിന്റെയും, വിവേചനത്തിന്റെയും ചൂഷണത്തിന്റെയും ശീലങ്ങളും പ്രത്യയശാസ്ത്രങ്ങളും അനുദിനം വളരുന്ന പശ്ചാത്തലത്തിൽ സമൂഹത്തെ നീതിയിലേക്കും ധാർമ്മികതയിലേക്കും പരിവർത്തിപ്പിക്കുവാൻ നാം അയക്കപ്പെട്ടിരിക്കുന്നു. ബഹുസ്വരതയിലൂന്നിയ സ്വത്വബോധവും ജനാധിപത്യപ്രക്രീയയും പുനഃസൃഷ്ടിക്കുവാനുള്ള ഇടപെടലുകൾ പ്രാവർത്തികമാക്കണം. മനുഷ്യത്വത്തെ വികലമാക്കുന്ന

ഘടനകളിൽ നിന്നും ലോകത്തെ നന്മയിലേക്ക് പരിവർത്തിപ്പിക്കുവാൻ സഭയ്ക്ക് സാധിക്കണം. അവിടെയാണ് ഇടങ്ങളുടെ രൂപാന്തരവും നവസമൂഹസൃഷ്ടിയും സാധിക്കുന്നത്. അതാണ് സഭയുടെ ധർമ്മം. ക്രിസ്തു സാന്നിദ്ധ്യം അതിനായി നമ്മെ ശക്തീകരിക്കും.

കോവിഡിന്റെ മദ്ധ്യേ സാമൂഹ്യജീവിതം കൂടുതൽ സജീവമാകുന്ന ഒരു ഘട്ടത്തിലാണ് നാം. ആരാധനാലയങ്ങൾ തുറന്ന് ആരാധനകൾ ആരംഭിച്ചു. വിദ്യാഭ്യാസ മേഖല വീണ്ടും സജീവമാകുന്നു. എന്നാൽ വാണിജ്യ വ്യവസായ മേഖലകളും, തൊഴിലിടങ്ങളും പൂർണ്ണമായും പൂർവ്വ സ്ഥിതിയിലെത്തിയിട്ടില്ല. ഇവിടെ ജാഗ്രത ഉണ്ടാകണം. കോവിഡ് മാറിയെന്നോ, ഇനി കരുതലുകൾ ആവശ്യമില്ലായെന്നോ ചിന്തിക്കരുത്. ഭയം കുറയുകയും അലംഭാവം കൂടുകയും ചെയ്താലത് മൂന്നാം തരംഗത്തിലേക്ക് നയിക്കും എന്ന മുന്നറിയിപ്പ് ഗൗരവമായിക്കാണണം. കോവിഡ് വരുത്തിയ ആഘാതം ഇന്നും ഏറ്റവും രൂക്ഷമായി അനുഭവിച്ചുകൊണ്ടിരിക്കുന്നത് സാധാരണക്കാരായ ആളുകളാണ്. അപരിചിതവും ആശങ്കാജനകവുമായ സാഹചര്യങ്ങളെ ഒറ്റക്കെട്ടായി കഠിനാദ്ധ്വാനത്തിലൂടെ അതിജീവിക്കുകയാണാവശ്യം. കോവിഡ് കാലത്ത് നിസ്വാർത്ഥ സേവനം നടത്തുന്ന എല്ലാവരെയും വിശേഷാൽ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവരെയും അഭിനന്ദിക്കുന്നു.

ദാരിദ്ര്യവും പട്ടിണിയും മൂലം പരശതം ജനങ്ങൾ നട്ടം തിരിയുന്നു. വരുമാനമാർഗ്ഗം ഇല്ലാതെയായവർ, ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവർ, ആധുനിക സാങ്കേതിക വിദ്യകൾ ഫലപ്രദമായി വിനിയോഗിച്ച് പഠനം നടത്തുവാൻ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത വിദ്യാർത്ഥികൾ, സ്വന്തമായി ഭവനങ്ങൾ ഇല്ലാതെ വിഷമിക്കുന്നവർ. ഇങ്ങനെ നീളുന്നു ദുരിതങ്ങളുടെ പട്ടിക. പ്രായപൂർത്തിയായ പെൺമക്കളെയും കൊണ്ട് യാതൊരു സുരക്ഷിതത്വവുമില്ലാത്ത ഷെഡുകളിൽ രാത്രികാലങ്ങളിൽ ഉറങ്ങാതെ കാവലിരിക്കുന്ന അമ്മയപ്പന്മാരുടെ നാടാണിത്. ഒരു വശത്ത് കോടികളുടെ ധൂർത്ത് നടമാടുമ്പോൾ മറുവശത്ത് ദാരിദ്ര്യവും നിസ്സഹായതയുമുണ്ടെന്ന് മറക്കരുത്. ന്യൂനപക്ഷത്തിന്റെ ധൂർത്തിലാണ് ഭൂരിപക്ഷം ദാരിദ്ര്യത്തിലമരുന്നത്. വിശ്വാസസമൂഹം ആഡംബരം ഒഴിവാക്കി ആവശ്യക്കാരന് തുണയാകണം. ഉള്ളതിനെ പങ്കിടണം. ആയിരം തിരികൾക്ക് വെളിച്ചം പകർന്നത് കൊണ്ട് ഒരു മെഴുകുതിരിയുടെ ആയുസ്സും കുറയുന്നില്ല. ഉണരാൻ വൈകുന്ന മനസ്സാകരുത് നമ്മുടേത്. സ്വകാര്യ സൗഭാഗ്യങ്ങളിലൂറ്റം കൊള്ളരുത്. കൂടുതൽ വിഭവങ്ങളും വസ്തുക്കളും ജീവിതമൂല്യം വർദ്ധിപ്പിക്കുമെന്ന മിഥ്യാധാരണ തിരുത്തണം. സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന ഈ കാലത്ത് ഇടവകകളും കുടുംബങ്ങളും ചെലവുകൾ പരമാവധി ചുരുക്കി പ്രാദേശിക ഇടങ്ങളിൽ കനിവിന്റെ കരങ്ങളായി രൂപപ്പെടണം. 'ഞാൻ കൂടിയാണ് നീ' എന്ന ബോധത്തോടെ ഉറവചോരാത്ത മനുഷ്യത്വം നമ്മിലവശേഷിപ്പിച്ച് മുന്നേറാം.

നമ്മുടെ കുഞ്ഞുങ്ങളും യുവജനങ്ങളും ഇന്നിന്റെ ഓൺലൈൻ സംസ്ക്കാരത്തിൽ 'സ്ക്രീൻ ടൈം' വിവേചനബുദ്ധിയോടെ വിനിയോഗം ചെയ്യുന്നില്ലെങ്കിൽ തെറ്റായ പ്രവണതകൾക്കും പ്രേരണകൾക്കും വശംവദരാകും. മദ്യത്തിന്റെയും ലഹരിമരുന്നിന്റെയും ഉപയോഗം ഇളം തലമുറയെ വഴിതെറ്റിക്കുന്നുണ്ട്. മദ്യാസക്തിയിൽ തകരുന്ന കുടുംബങ്ങൾ ഒട്ടനവധിയാണ്. കോവിഡ് കാലത്ത് ആരാധനാലയങ്ങൾ അടഞ്ഞ് കിടന്നപ്പോഴും ബാറുകളും ബിവറേജ് ഷോപ്പുകളും തുറന്നു. കെ.എസ്.ആർ.ടി.സി. ടെർമിനലുകളോട് ചേർന്ന് ഔട്ട്ലറ്റുകൾ തുടങ്ങാൻ ആലോചനകൾ നടന്നിട്ടുണ്ട്. 'മനുഷ്യനേക്കാൾ വലുതാണോ മദ്യം?' മദ്യത്തിന്റെ ഓൺലൈൻ ലഭ്യത ലഹരിയുടെ വ്യാപനത്തെ ഭവനാന്തരീക്ഷത്തിലേക്കും ത്വരിതപ്പെടുത്തും. ഈ വിപത്തിനെ തിരിച്ചറിഞ്ഞ് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാൻ ഭരണാധികാരികൾ തയ്യാറാകണം.

മഹാമാരിക്കൊപ്പം പാരിസ്ഥിതികപ്രശ്നങ്ങളും ആവാസവ്യവസ്ഥയ്ക്ക് തന്നെ വെല്ലുവിളിയായി മാറിയിരിക്കുന്നു. പ്രപഞ്ചത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിന് ആരോഗ്യമുള്ള ആവാസവ്യവസ്ഥ ഉണ്ടാകണം. മനുഷ്യന്റെ മാത്രം നിലനില്പല്ല ലക്ഷ്യമിടേണ്ടത്. എല്ലാത്തരം ജീവജാലങ്ങൾക്കും ഇടമുള്ള ജൈവ കൂട്ടായ്മ രൂപപ്പെടണം. ഉപഭോഗ തൃഷ്ണയിൽ പ്രകൃതിയെ കൂടുതൽ ചൂഷണം ചെയ്യുന്നതും, ഉപഭോഗാനന്തരം മാലിന്യങ്ങൾ പുറംതള്ളുന്നതും പ്രകൃതിയുടെ താളം തെറ്റിച്ചുകൊണ്ടിരിക്കുകയാണ്. പ്രകൃതിയോടുള്ള നീതിപൂർവ്വ സമീപനം നമ്മുടെ വിശ്വാസ പ്രഖ്യാപനമായി നാം സ്വീകരിച്ചേ മതിയാവൂ. ഒരു മരം വെട്ടിമാറ്റുമ്പോൾ പകരം 3 മരങ്ങൾ വെച്ചുപിടിപ്പിക്കാൻ നാം മറക്കരുത്. ഈ ഭൂമി നമ്മുടെ മാത്രം തട്ടകമല്ല, വരും തലമുറകൾക്കും കൂടെ അവകാശപ്പെട്ടതാണ് എന്ന ബോധ്യത്തോടെ നമുക്ക് ജീവിക്കാം.

ഭാരതത്തെ സംബന്ധിച്ച് സംഘർഷഭരിതമായ സാഹചര്യങ്ങൾ വളരെയധികമാണ്. രാജ്യവ്യാപകമായി തുടരുന്ന കർഷകസമരം ഇപ്പോൾ ഒരു വർഷത്തോടടുക്കുന്നു. പ്രകോപനവും ഏറ്റുമുട്ടലും മൂലം നിരവധി സംഘർഷങ്ങളും കലാപങ്ങളും ഇതിനോടകം സംഭവിച്ചിട്ടുണ്ട്. അടുത്ത സമയത്ത് ഉത്തർപ്രദേശിലെ ലഖിംപൂർ ഖേരി ജില്ലയിൽ പ്രതിഷേധിച്ചുകൊണ്ടിരുന്ന കർഷകർക്ക് നേരെ വാഹനങ്ങൾ പാഞ്ഞു

കയറിയതിനെ തുടർന്ന് എട്ടുപേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേല്ക്കുകയും ചെയ്തു. കാലാകാലങ്ങളായി രാജ്യത്തെ കർഷകർ അനുഭവിച്ച് വരുന്ന അവഗണനയുടെയും നിരാകരണത്തിന്റെയും പ്രത്യാഘാതങ്ങളാണ് നീളുന്ന കർഷകസമരം. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കിയും, കർഷകരെ വിശ്വാസത്തിലെടുത്തും പ്രശ്നപരിഹാര നടപടികൾ അടിയന്തിരമായുണ്ടാകണം.

സുവിശേഷപ്രവർത്തനങ്ങൾ വളരെയേറെ വെല്ലുവിളികൾ നേരിടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വർദ്ധിച്ച് വരുന്ന വർഗ്ഗീയവാദം കാരണം ഇന്ന് ന്യൂനപക്ഷസമൂഹങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ വളരെയാണ്. ദേശീയതയിൽ പൊതിഞ്ഞ മതബോധവും, മതബോധത്തിൽ അടിയുറച്ച സ്വത്വ ബോധ്യങ്ങളും അപകടകരമാണ്. മതത്തിന്റെ പേരിൽ പരസ്പരം ആക്രോശിക്കുന്ന സമൂഹങ്ങൾ ഭാരതമണ്ണിൽ വർദ്ധിച്ച് വരുന്നു. ഏത് മതത്തിലും വിശ്വസിക്കുന്നതിനും അത് ഉറക്കെപ്പറയുന്നതിനുമുള്ള സ്വാതന്ത്ര്യം ഭരണഘടന ഓരോ ഭാരതപൗരനും ഉറപ്പ് നല്കുന്ന അവകാശമാണ്. ഒരു വ്യക്തിയുടെ അവകാശത്തെ ആർക്കും നിഷേധിക്കാനാകില്ല. ഉത്തരേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ മതപരിവർത്തന നിരോധിത നിയമങ്ങൾ കൊണ്ടുവന്ന് അവയൊക്കെ ദുരുപയോഗം ചെയ്ത് ആരാധനാലയങ്ങൾ തകർക്കുകയും സുവിശേഷ പ്രവർത്തകരെ ഉപദ്രവിക്കുകയും ചെയ്തതായി നാം മനസ്സിലാക്കിയിട്ടുണ്ട്. മതേതര സംസ്ക്കാരത്തിലധിഷ്ഠിതമായ ഭാരതമണ്ണിൽ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കണം. നീതിക്ക് വേണ്ടിയുള്ള ഗോത്രവർഗ്ഗക്കാരുടെ പോരാട്ടത്തിൽ പങ്കുചേർന്ന് പ്രവർത്തിച്ച ഫാ. സ്റ്റാൻ സ്വാമിയുടെ നിര്യാണം ദുഃഖകരവും അതോടൊപ്പം നമ്മെ ഏറെ ചിന്തിപ്പിക്കേണ്ടതുമാണ്. പ്രശ്നസങ്കീർണ്ണമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന മിഷനറിമാരെ ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കാം.

മതമൗലീക വാദം ഉയർത്തി താലിബാൻ വീണ്ടും അഫ്ഗാന്റെ മണ്ണിൽ ഭരണത്തിൽ വരുമ്പോൾ സാധാരണ ജനത തങ്ങളുടെ ജീവൻ സംരക്ഷിക്കുവാനുള്ള നെട്ടോട്ടത്തിലാണ്. തീവ്രവാദത്തിന്റെ പേരിൽ കേരളത്തിൽ അടുത്തിടെ ഉണ്ടായിട്ടുള്ള വാദപ്രതിവാദങ്ങൾ ഏറെ ആശങ്കാജനകമാണ്. മതമൗലികവാദത്തിന്റെ അരിശവും ആക്രോശവും ഏറ്റെടുക്കുകയല്ല ആവശ്യം, മറിച്ച് യുക്തിയുടെയും സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും ഭാഷയും കർമ്മവുമാണ് കരണീയമായിട്ടുള്ളത്. സ്ത്രീവിവേചനവും സ്ത്രീപീഡനവും ഒരു പരിഷ്കൃത സമൂഹത്തിന് അപമാനകരമാണ്. പൊതു ഇടങ്ങളിലും തൊഴിൽ മേഖലകളിലും മാത്രമല്ല ഗാർഹിക പരിസരങ്ങളിൽ പോലും സത്രീ ഇന്ന് സുരക്ഷിതയല്ല. സ്ത്രീധനത്തിന്റെ പേരിൽ വിലപേശി സ്ത്രീത്വത്തെ അപമാനിക്കുകയും ജീവനെടുക്കുകയും ചെയ്യുന്നത് എത്രയോ വേദനാജനകമാണ്. ലിംഗവിവേചനത്തിനെതിരെ നിലപാടുകൾ എടുക്കുവാൻ പ്രേരിപ്പിക്കുന്ന ആത്മീയതയുടെ പ്രസക്തി കൂടുതൽ വെളിവാകുന്നത് ഇത്തരം സന്ദർഭങ്ങളിലാണ്.

സാമൂഹ്യമാധ്യമങ്ങളുടെ തെറ്റായ വിനിയോഗം വളരെയേറെ പ്രതിസന്ധികൾ സഭയിലും സമൂഹത്തിലും സൃഷ്ടിക്കുന്നു. നുണപ്രചരണങ്ങളും കള്ളവാർത്തകളും കൊണ്ട് മാധ്യമലോകത്ത് കൊഴുപ്പുകൂട്ടുന്നവർ സത്യത്തെ വളച്ചൊടിക്കുകയും തലമുറകളെ വഴിതെറ്റിക്കുകയുമാണ് ചെയ്യുന്നത്. അതുകൊണ്ടു ആത്മസംയമനത്തോടെ മാധ്യമലോകത്ത് ഇടപെടുവാൻ നാം ഇനിയും പഠിക്കണം. സ്വാർത്ഥതാല്പര്യങ്ങളും വ്യക്തിവിദ്വേഷങ്ങളും ആകരുത് വിമർശനങ്ങൾക്കടിസ്ഥാനം. ക്രിയാത്മക വിമർശനങ്ങൾ മാത്രമെ വളർച്ചയ്ക്ക് സഹായിക്കൂ. ലാഭ-നഷ്ടങ്ങൾ കണക്കാക്കിയുള്ള വിമർശനങ്ങൾ വ്യക്തികളുടെയും കുടുംബങ്ങളുടെയും സഭയുടെയും ശൈഥില്യത്തിന് തന്നെ കാരണമാകാം. ഇവിടെ തിരഞ്ഞെടുപ്പ് നമ്മുടേതാണ്. സമഗ്രതയോ അതോ ശൈഥില്യമോ, ഏതാണ് ലക്ഷ്യം?

മാർത്തോമ്മാ സഭ ഉന്നത വിദ്യാഭ്യാസ രംഗത്ത് നൂതന മുന്നേറ്റങ്ങൾക്ക് ലക്ഷ്യമിടണം. ഒരു ദേശത്തിന്റ ഭാവി ഉന്നതവിദ്യാഭ്യാസത്തിന്റെ മികവിനെക്കൂടി ആശ്രയിച്ചിരിക്കുമെന്ന തിരിച്ചറിവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഈ രംഗത്ത് സമൂലമാറ്റങ്ങൾക്ക് വഴിയൊരുക്കുകയാണ്. 3 വർഷത്തിനുള്ളിൽ ഉന്നതവിദ്യാഭ്യാസ മേഖല ലോകനിലവാരത്തിലേക്കുയർത്തുവാനുള്ള പരിശ്രമത്തിലാണ് സർക്കാരുകൾ. എന്നാൽ രാഷ്ട്രീയ ചേരിതിരിവുകളിൽ നിന്നും ലാഭക്കൊതിയോടെ നടത്തുന്ന കടന്നുകയറ്റങ്ങളിൽ നിന്നും ഇതിനെ സംശുദ്ധമാക്കി നിർത്തേണ്ടതും ആവശ്യമാണ്. നമ്മുടെ കോളേജുകൾ സ്വയംഭരണാധികാരമുള്ള സർവ്വകലാശാലകളായും ഗവേഷണകേന്ദ്രങ്ങളായും ഉയർത്തപ്പെടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കാലോചിതമായ നവവിഷയങ്ങൾ പാഠ്യപദ്ധതിയിലുൾപ്പെടുത്തിയും, ബോധനരീതികൾ പരിഷ്ക്കരിച്ചും നമ്മുടെ കലാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മറ്റണം. ഇതിലേക്ക് സഭാ കൗൺസിലിന്റെയും ബന്ധപ്പെട്ട ഇതര കമ്മിറ്റികളുടെയും ശ്രദ്ധ ഞാൻ ക്ഷണിക്കുന്നു.

കൊറോണവൈറസിന്റെ വ്യാപനം നമ്മുടെ വീടുകളെ കൂടുതൽ പ്രസക്തമാക്കി. ഒരേസമയം വീട് വിദ്യാലയവും, തൊഴിലിടവും, ആരാധനാലയങ്ങളുമായി മാറി. വൈറസ് വ്യാപിച്ചപ്പോൾ അണയാനൊരു

കൂട്, വീടായിരുന്നു. പലകാരണങ്ങളാൽ ചിതറിക്കഴിഞ്ഞവർ ഒരേ കൂരയ്ക്ക് കീഴിൽ ഒത്തുചേർന്നപ്പോൾ കുടുംബങ്ങളുടെ പ്രാധാന്യമാണ് തിരിച്ചുപിടിച്ചത്. കുടുംബം ദൈവീക പദ്ധതിയാണ്. കുടുംബത്തെക്കുറിച്ചുള്ള ദൈവീക പദ്ധതിയും സമൂഹ നിർമ്മിതിയിലുള്ള കുടുംബത്തിന്റെ പങ്കും തിരിച്ചറിഞ്ഞു ക്രിയാത്മകമായി പ്രവർത്തിക്കുവാൻ കുടുംബം നയിക്കുന്നവർക്കിടയാകണം. കുടുംബത്തകർച്ച രൂക്ഷമായ ഈ കാലഘട്ടത്തിൽ ബന്ധങ്ങൾ ആഴപ്പെടണം. സ്നേഹബന്ധങ്ങളുടെ ഊഷ്മളത കുടുംബത്തിൽ നിന്നുതന്നെയാണ് പിറവിയെടുക്കേണ്ടത്, കുടുംബം പങ്കുവെക്കലുകളുടെ ഇടമാണ്. സ്വാർത്ഥതയ്ക്കോ വ്യക്തിതാല്പര്യങ്ങൾക്കോ ഭവനത്തിൽ ഇടം കൊടുക്കാതിരിക്കണം. കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ച് പ്രാർത്ഥനയിലും ഭക്ഷണമേശയിലും പങ്കെടുക്കുന്ന നല്ലപാരമ്പര്യങ്ങൾ വിട്ടുകളയരുത്. ഉലയാത്ത ബോധ്യങ്ങളിലും ഇഴയടുപ്പമുള്ള ബന്ധങ്ങളിലും തലമുറകൾ വളർന്ന് വരുവാൻ വിശ്വാസ പാരമ്പര്യങ്ങളുടെ പകർച്ചയും നല്ലമാതൃകകളും കുടുംബങ്ങളിൽ തന്നെ നല്കണം.

മാറിവന്ന സാഹചര്യത്തിൽ പ്രാദേശിക ഇടവകകൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണം. ആൾക്കൂട്ടങ്ങൾക്ക് നിയന്ത്രണമുണ്ടെങ്കിലും ആഴമായ കൂട്ടായ്മാ ബന്ധത്തിലൂടെ ആത്മീകജീവിതം ചലനാത്മകവും ചൈതന്യവത്തുമാക്കണം. കൂടുതൽ വേദനിക്കുന്നവനെ ക്രിസ്തു സ്നേഹത്തിൽ ശുശ്രൂഷിക്കുവാൻ ഇടവകയായി സംരംഭങ്ങൾ ഒരുക്കണം. ഇതര മതസ്ഥരും ഇതര സഭാംഗങ്ങളുമായി കൈകോർക്കുന്നത് അഭികാമ്യമാണ്. ദരിദ്രരോടുള്ള കരുതലും നീതിക്ക് വേണ്ടിയുള്ള ദാഹവും നമുക്ക് നഷ്ടമാകരുത്. ഓരോ പ്രദേശങ്ങളിലുമുള്ള ബഹുലതയെ സൃഷ്ടിപരമായി ഉൾക്കൊള്ളണം. ഇളം തലമുറകളെ അന്യവൽക്കരിക്കരുത്. നവആത്മീക പ്രസ്ഥാനങ്ങളെ ക്രിയാത്മകമായി വിശകലനം ചെയ്യാനുതകുന്ന ദൈവശാസ്ത്ര പരിജ്ഞാനത്തിലേക്ക് തലമുറകളെ നയിക്കണം. കാലഘട്ടമുയർത്തുന്ന വെല്ലുവിളികളെ പ്രസക്തമായി നേരിട്ട് തലമുറകളെ ക്രിസ്തുപാതയിൽ നടത്താതെ ഇടവകകളുടെ വളർച്ചയും തുടർച്ചയും സാധ്യമാകുകയില്ല.

പ്രാദേശിക തലത്തിൽ നേതൃത്വം നല്കുന്ന പട്ടക്കാരും ആത്മായ നേതാക്കളും ഇക്കാര്യങ്ങളിൽ വേണ്ട ശ്രദ്ധനല്കണം. ഒരു ദേശത്തിന്റെ കാവല്ക്കാരാണ് വൈദീകർ. കോവിഡ് കാലം അലസതയുടെ സമയമായി കരുതാതെ, കൂടുതൽ കർമ്മനിരതരാകാനുള്ള അവസരമാക്കണം. നൂതന ആശയങ്ങളും ആവിഷ്ക്കാര ശൈലിയുമുള്ളവരാകണം. പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കണം. വെല്ലുവിളികളെ ഏറ്റെടുത്ത് കൂടുതൽ സമർപ്പണത്തോടെ ലോകത്തിലേക്കിറങ്ങണം. അനുഗ്രഹീതമായ ആത്മായ നേതൃത്വത്താൽ സമ്പന്നമാണ് മലങ്കര മാർത്തോമ്മാ സുറിയാനി സഭ. അനുദിന ജീവിതത്തിൽ കർമ്മ മേഖലകളിലെ സാക്ഷ്യജീവിതത്തിലുടെ സുവിശേഷം പങ്കിടുവാൻ ആത്മായർ കാണിച്ച ശുഷ്ക്കാന്തി സഭയുടെ വളർച്ചയെ ദേശീയ അന്തർദേശീയ തലങ്ങളിൽ ത്വരിതപ്പെടുത്തി. എക്യുമെനിക്കൽ രംഗത്തും ദൈവശാസ്ത്ര അഭ്യസനത്തിലും ആത്മായ നേതൃത്വം ശക്തമായ സ്വാധീനം നല്കിയിട്ടുണ്ട്. ഈ കാലഘട്ടത്തിലും അത്തരത്തിലുള്ള ഒരു ആത്മായ മുന്നേറ്റം സഭയുടെ പുതുക്കത്തിനും ഉണർവ്വിനും മിഷൻ മേഖലയ്ക്കും അത്യന്താപേക്ഷിതമാണ്.

കഴിഞ്ഞ 4 വർഷക്കാലം സംഗതമായ ശുശ്രൂഷകൾ നിർവ്വഹിച്ച സഭയുടെ ഔദ്യോഗിക ചുമതലക്കാരെ അഭിനന്ദിക്കുന്നു. തികച്ചും വ്യത്യസ്ഥമാർന്നതും വെല്ലുവിളികൾ നിറഞ്ഞതുമായ ഒരു കാലഘട്ടത്തിലൂടെയാണ് പൊതുസമൂഹവും സഭയും കടന്ന് പോയിക്കൊണ്ടിരിക്കുന്നത്.പുതുതായി ചുമതലയിൽ പ്രവേശിക്കുന്നവർക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

'പുരാതനനായ ദൈവം നിന്റെ സങ്കേതം, കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്' (ആവർത്തനം 33: 27). വാഗ്ദത്തഭൂമി ലക്ഷ്യം വെച്ച് പ്രയാണം ചെയ്യുന്ന യിസ്രായേൽ ജനതയെ ബലപ്പെടുത്തുന്ന വാക്കുകളായിരുന്നു. ശത്രുസൈന്യത്തിന്റെ ഭീഷണിയും, മരുഭൂമിയുടെ ഊഷരതയും, ജനത്തിന്റെ പിറുപിറുപ്പും, യാത്രയിലെ ദുരിതങ്ങളും മോശയെ നിരാശപ്പെടുത്തുന്നില്ല. പകരം ദൈവത്തിലുള്ള ആശ്രയവും വാഗ്ദത്തഭൂമിയെക്കുറിച്ചുള്ള പ്രതീക്ഷയും മുന്നോട്ടുള്ള പ്രയാണത്തിന് ഊർജ്ജവും ദിശാബോധവും നല്കി. നമ്മെ നയിക്കുന്ന ദൈവകരങ്ങളുടെ ഉറപ്പ് അനിശ്ചിതത്വങ്ങളുടെ മദ്ധ്യത്തിലും നാം തിരിച്ചറിയണം. ആ തിരിച്ചറിവോടെ നമുക്കും പ്രയാണം തുടരാം.

ഈ കൂടിവരവിനും സഭാ പ്രതിനിധി മണ്ഡലയോഗത്തിന്റെ നടപടിക്രമങ്ങൾക്കും എല്ലാ മംഗളങ്ങളും നേർന്നുകൊണ്ട് വാക്കുകൾ ഉപസംഹരിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

ഓക്ടോബർ 13, 2021